പതിമൂന്നാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1726        15.02.2016 - ൽ മറുപടിയ്ക്ക്

## പ്രായാധിക്യമുള്ള മാതാപിതാക്കളുടെ സംരക്ഷണം

ചോദ്യം

ശ്രീമതി.കെ.എസ്.സലീഖ

ഉത്തരം

ഡോ. എം.കെ. മുനീർ

(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | പ്രായാധിക്യമുള്ള മാതാപിതാക്കളെ സംരക്ഷിക്കുവാൻ നിലവിലുള്ള നിയമ വ്യവസ്ഥകൾ എന്തെല്ലാം എന്നറിയിക്കുമോ; | (എ) | The Maintenance and Welfare of Parents and Senior Citizen Act – 2007 എന്ന കേന്ദ്ര നിയമമാണ് നിലവിലുള്ളത്. |
| (ബി) | പ്രസ്തുത നിയമ വ്യവസ്ഥകൾ ലംഘിച്ച് മാതാപിതാക്കളെ ഉപേക്ഷിച്ചും തെരുവുകളിൽ തള്ളിയും വീട്ടിൽ പൂട്ടിയിട്ടും മറ്റുമായി എത്ര കേസ്സുകൾ ഈ സർക്കാർ കാലയളവിൽ വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്; ആയതിൽ എത്രയെണ്ണം ആഭ്യന്തര വകുപ്പിന് കൈമാറി ; വ്യക്തമാക്കുമോ ; | (ബി) | വിവരം ശേഖരിച്ചു നൽകുന്നതാണ്. |
| (സി) | ഇത്തരം കേസ്സുകൾ നാൾക്കുനാൾ വർദ്ധിച്ചുവരുന്നത് തടയുവാൻ നിയമം കർശനമായി നടപ്പാക്കുന്നതിന് എന്തു നടപടി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കുമോ; | (സി) | നിയമം കർശനമായി നടപ്പാക്കുന്നതിന് റവന്യൂ ഡിവിഷണൽ ആഫീസർമാരെ പ്രിസൈഡിംഗ് ആഫീസർമാരായി നിയമിച്ചുകൊണ്ടുള്ള മെയിന്റനൻസ് ട്രൈബ്യൂണലുകളും ജില്ലാ കളക്ടർമാരെ അപ്പലേറ്റ് അതോറിറ്റിയായി നിയമിച്ചുകൊണ്ടുള്ള അപ്പലേറ്റ് ട്രൈബ്യൂണലുകളും പ്രവർത്തിക്കുന്നുണ്ട്. നിയമത്തെക്കുറിച്ച് വിവിധ മാധ്യമങ്ങൾ വഴി ജനങ്ങളിൽ വ്യാപകമായ ബോധവത്കരണം നടത്തുന്നതിനുള്ള നടപടികൾ സ്വീകിരച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | |
| (ഡി) | 2016 ജനുവരി മാസം 24-ാം തീയതി ആരോഗ്യവകുപ്പിലെ ഉദ്യോഗസ്ഥരായ മക്കളുണ്ടായിട്ടും (ഒരാൾ ഡോക്ടർ, ഒരാൾ ഹെൽത്ത് ഇൻസ്പെക്ടർ) അവർ പരിചരിക്കാനോ കൂടെ താമസിപ്പിക്കാനോ തയ്യാറാകാതെ തിരുവനന്തപുരത്തെ ശ്രീനാരായണ വനിതാ കൾച്ചറൽ അസോസിയേഷന്റെ ശരണാലയത്തിൽ കഴിഞ്ഞ കടയ്ക്കാവൂർ സ്വദേശിനി സുധാദേവി ആശുപത്രിയിൽ മരണമടഞ്ഞ സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ഡി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ഇ) | ഇവരുടെ രോഗവിവരം അനാഥാലയാധികൃതർ നിരന്തരം ഫോണിലൂടെ അറിയിച്ചിട്ടും ഉദ്യോഗസ്ഥരായ മക്കൾ തിരിഞ്ഞുനോക്കാതെ മരണപ്പെട്ടത് സംബന്ധിച്ച് എന്തെങ്കിലും അന്വേഷണം നടത്തിയോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ; | (ഇ) | -<br>വിവരം ശേഖരിച്ച നൽകുന്നതാണ്. |
| (എഫ്) | ഉദ്യോഗസ്ഥരായ മക്കളുണ്ടായിട്ടും അനാഥ ജീവിതവും മരണവും ഏറ്റുവാങ്ങേണ്ടി വന്നതിനാൽ പ്രസ്തുത മരണത്തെക്കുറിച്ച് ദേശീയ മനുഷ്യാവകാശ കമ്മീഷൻ സാമൂഹ്യനീതി വകുപ്പ്, ചീഫ് സെക്രട്ടറി, ഡി.ജി.പി. എന്നിവരോട് അടിയന്തര റിപ്പോർട്ട് ആവശ്യപ്പെട്ടുവോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ? | (എഫ്) | ദേശീയ മനുഷ്യാവകാശ കമ്മീഷൻ സാമൂഹ്യനീതി വകുപ്പ് സെക്രട്ടറിയുടെ റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടുണ്ട്. |

Manoharan

**സെക്ഷൻ ഓഫീസർ**